(ഇ) സംസ്ഥാനത്തെ വാഹനങ്ങളുടെ കൃത്യമായ സ്ഥിതിവിവര കണക്ക് ശേഖരിക്കുവാൻ വാഹന സെൻസസ്സ് നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) നാട്പാക്ക്, സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളായ കോട്ടയം, പെരുമ്പാവൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ നഗരങ്ങളിൽ ട്രാഫിക് സർവ്വെ നടത്തി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഹ്രസ്വകാല/ദീർഘകാല നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പൊതുമരാമത്ത് വകുപ്പ് ആറു മാസത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെട്ട ഹൈവേകളിൽ ട്രാഫിക് സെൻസസ് നടത്തുന്നുണ്ട്.

(ബി) മേൽ പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റോഡ് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്. കൂടാതെ അതാത് നഗരങ്ങളിൽ ജില്ലാ അധികാരികൾ, പൊതുമരാമത്ത്, പോലീസ്, നഗരസഭാ അധികാരികളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അല്ല.

(ഡി) അഞ്ചു ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള പട്ടണങ്ങളിലെ ടൗൺ സർവ്വീസ് ബസ്സുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനു മാത്രമേ നിയമമുള്ളൂ. ബാക്കിയെല്ലാ വാഹനങ്ങൾക്കും യഥേഷ്ടം പെർമിറ്റു കൊടുക്കണമെന്നാണ് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സർക്കാർ ബോർഡും ഹെഡ്ലൈറ്റും വാഹനങ്ങളിൽ ഉപയോഗിക്കാൻ അനുമതിയുള്ളവർ

55 [1362] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് വാഹനങ്ങൾക്ക് ഹെഡ്ലൈറ്റ് ഉപയോഗിക്കാൻ അനുമതിയുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ സന്ദർഭത്തിൽ ഏതെല്ലാം നിറത്തിലുള്ള ലൈറ്റുകളാണ് ഉപയോഗിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 'കേരള സ്റ്റേറ്റ് ' ബോർഡ് വാഹനങ്ങളിൽ സ്ഥാപിക്കുവാൻ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ നിറത്തിൽ, ഏതു തരത്തിൽ ഉപയോഗിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ച് ബോർഡും ലൈറ്റും ഉപയോഗിക്കുവർക്കെതിരെ എന്തു നടപടി സ്വീകരിക്കണം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) താഴെപ്പറയുന്ന ഉന്നത വ്യക്തികൾക്കാണ് ചുവന്ന ലൈറ്റ് (റിവോൾവിംഗ്) ഉപയോഗിക്കാൻ അനുവാദമുള്ളത്.

1. കേരളാ ഗവർണ്ണർ.
2. കേരളാ മുഖ്യമന്ത്രി.
3. കേരളാ നിയമസഭാ സ്പീക്കർ.
4. കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസ്.
5. കേരളാ മന്ത്രിമാർ.
6. കേരളാ നിയമസഭാ പ്രതിപക്ഷ നേതാവ്.
7. കേരളാ ഗവൺമെന്റ് ചീഫ് വിപ്പ്.
8. കേരളാ ഹൈക്കോടതി ജഡ്ജിമാർ.
9. കേരളാ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ.
10. കേരളാ സംസ്ഥാന ചീഫ് സെക്രട്ടറി.
11. കേരളാ സംസ്ഥാന ലോകായുക്ത.
12. കേരളാ സംസ്ഥാന ഉപലോകായുക്ത.
13. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വൈസ് ചെയർമാൻ.
14. കേരളാ സംസ്ഥാന അഡ്വക്കേറ്റ് ജനറൽ.
15. കേരളാ സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

ഫ്ളാഷർ ഉള്ള നീല ലൈറ്റ് ഉപയോഗിക്കുവാൻ അനുമതിയുള്ള ഉദ്യോഗസ്ഥർ ഇപ്രകാരമാണ്.

1. കേരളാ സംസ്ഥാന ഇലക്ഷൻ കമ്മീഷണർ.
2. ജില്ലാ കളക്ടർ.
3. ജില്ലകളുടെ ചുമതലയും, ക്രമസമാധാന ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാരും അതിനുമുകളിലുള്ള എല്ലാ പോലീസ് ഓഫീസർമാർ.
4. പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്.
5. റവന്യൂ ഡിവിഷണൽ ഓഫീസർമാർ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ്).
6. സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ (ക്രമസമാധാനം).

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത ശ്രേണിയിൽപ്പെട്ടവരുടെ അകമ്പടി വാഹനങ്ങൾക്ക് ഫ്ളാഷർ ഉള്ളതോ ഇല്ലാത്തതോ ആയ നീല ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റൽ വാഹനങ്ങൾക്ക് ചുവപ്പും നീലയും വെള്ളയും ഇടകലർന്ന വർണ്ണത്തിലുള്ള ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

പോലീസ് വകുപ്പ്

1. ഹൈവേ പോലീസ് വെഹിക്കിൾസ്.
2. പോലീസ് കൺട്രോൾ റൂം വെഹിക്കിൾസ്.
3. ഫ്ളയിംഗ് സ്കാഡ് വെഹിക്കിൾസ്.
4. പോലീസ് സ്റ്റേഷൻ വെഹിക്കിൾസ്.

മോട്ടോർ വാഹന വകുപ്പ്

മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് വാഹനങ്ങൾ.

ഫയർ ഫോഴ്സ്

ഫയർ ടെൻഡേർഴ്സിനും ഫയർ സ്റ്റേഷൻ വാഹനങ്ങൾക്കും.

വിക്രം സാരാഭായി സ്പെയ്സ് സെന്റർ

താഴെ കൊടുത്തിരിക്കുന്ന ഏഴു വാഹനങ്ങൾ

(i) KL 01 Z 9725 (Flat Bed Trailer)
(ii) KL 01 J 6092 (Semi Low Bed Trailer)
(iii) KL 01 G 5945 (Well Bed Trailer)
(iv) KBU 6943 (Well Bed Trailer)
(v) KBT 6589 (Well Bed Trailer)
(vi) KL 16 9040 (Well Bed Trailer)
(vii) KL 01 AC 2068 (Well Bed Trailer)

(സി) മന്ത്രിമാർക്കും അവർക്കു തുല്യമായ പദവിയുള്ള വ്യക്തികൾക്കും മാത്രമേ വാഹനങ്ങളിൽ 'കേരള സ്റ്റേറ്റ്' എന്ന ബോർഡ് ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുള്ളു. പ്രസ്തുത ബോർഡുകൾ ചുവന്ന പ്രതലത്തിൽ വെള്ള അക്ഷരത്തിൽ എഴുതണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചട്ടങ്ങൾ ലംഘിച്ച് ബോർഡും ലൈറ്റും ഉപയോഗിക്കുന്നവർക്കെതിരെ കേന്ദ്ര മോട്ടോർ വാഹന നിയമം 177 അനുസരിച്ച് പിഴ ഈടാക്കാവുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സിൽ ടിക്കറ്റെടുക്കാതെയുള്ള യാത്ര തടയാൻ നടപടി

56 [1363] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, എം. മുരളി:

,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സഞ്ചരിക്കുന്നവർ ടിക്കറ്റ് വാങ്ങി യാത്ര ചെയ്യാത്ത പക്ഷം അതിനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടാറുണ്ടോ;

(സി) ടിക്കറ്റില്ലാതെ കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ ഇതു സംബന്ധിച്ച് ഉത്തരവാദിത്വം നിക്ഷിപ്തമാക്കാത്തതെന്തുകൊണ്ടാണ്; ഇതിനുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമം അനുസരിച്ചു കണ്ടക്ടർക്കും യാത്രക്കാർക്കും ഉത്തരവാദിത്വം ഉണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നവരിൽ നിന്നും 500 രൂപാ വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്.

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നത് കണ്ടുപിടിച്ചാൽ ശിക്ഷിക്കപ്പെടാറുണ്ട്.

(സി) 1988-ലെ മോട്ടോർ വാഹന നിയമം ഇത് സംബന്ധിച്ചുള്ള ഉത്തരവാദിത്വം യാത്രക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

പ്രൈവറ്റ് ബസ്സുകൾ ചട്ടങ്ങൾ ലംഘിച്ച് സർവ്വീസ് നടത്തുന്നതിനെതിരെ നടപടി

57 [1364] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly